**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1100** **12-06-2024 - ൽ മറുപടിയ്ക്ക്**

**എ.ഡി.ബി. സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നഗര പ്രദേശങ്ങളിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിനും തടസ്സം കൂടാതെ മുഴുവൻ സമയം ശുദ്ധജലം ലഭ്യമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം നഗരത്തിലും കൊച്ചി നഗരത്തിലും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും ജലചോർച്ച ഒഴിവാക്കി 24 മണിക്കൂറും ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിനും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എഡിബി) വായ്പയോടെ കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെൻറ് പ്രൊജക്റ്റ് (KUWSIP)എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കൂടാതെ നഗരങ്ങളിലെ വീടുകളിൽ പൈപ്പിലൂടെ കുടിവെള്ളം എത്തിക്കുന്നതിന് അമൃത് 2.0 പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിക്ക് എ.ഡി.ബി.യുടെ സഹായം തേടിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പദ്ധതിക്ക് എ.ഡി.ബിയുടെ സഹായം തേടിയിട്ടുണ്ട്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O (Ms) No.13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07/02/2020 ൽ ലഭ്യമാക്കിയിട്ടുണ്ട്.<br><br>എഡിബിയും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ആദ്യഘട്ടത്തിൽ 170 മില്യൺ ഡോളറാണ് ടി പദ്ധതിക്കായി എഡിബി വായ്പയായി നൽകുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ; പദ്ധതി നടത്തിപ്പ് ജല അതോറിറ്റി ജീവനക്കാരെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ ആശങ്കകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടില്ല.<br><br>എന്നാൽ കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും അനുബന്ധ ഘടകങ്ങളുടെ വിപുലപ്പെടുത്തലും 10 വർഷത്തേക്കുള്ള വിതരണ ശൃംഖലയുടെ |

| | | | |
|---|---|---|---|
| | | | പരിപാലനവും അടങ്ങുന്ന പദ്ധതിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവർത്തിക്കായുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ദർഘാസ് പരിശോധനയിലാണ്.<br><br>ടി പദ്ധതിയെ സംബന്ധിച്ച് ജല അതോറിറ്റി ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന്റെ ഭാഗമായി 04/06/2019 ലും 01/02/2023 ലും സംഘടനകളുമായി ചർച്ചകൾ നടത്തിയിരുന്നു. അവശ്യമെങ്കിൽ തുടർ ചർച്ചകൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ